⇨ ഒരു കോടിയോളം രൂപ സാധ്യതാ പഠനത്തിന് മാറ്റിവയ്ക്കുകയും ചെയ്തു ⇨

# ചീക്കല്ലൂർ പാടത്ത് വിമാനമിറക്കാൻ നോക്കേണ്ട

വയനാട്ടിലെ ചീക്കല്ലൂർ എന്ന ഗ്രാമത്തിൽ വരാൻ പോകുന്ന വിമാനത്താവളത്തിനെതിരായ തദ്ദേശീയരുടെ പ്രക്ഷോഭം ശക്തമാവുകയാണ്. നാട്ടുകാർ പരമ്പരാഗതമായി കൃഷി ചെയ്തിരുന്ന നെൽവയലുകൾ നികത്തിക്കൊണ്ട് വരാൻ പോകുന്ന വിമാനത്താവളത്തിലൂടെ നാടിന്റെ സമഗ്ര പുരോഗതിയാണ് ഉദ്ദേശിക്കുന്നതെന്നാണ് സർക്കാറിന്റെ വാദം. എന്നാൽ ആ പുരോഗതി ഇവിടെ വേണ്ട എന്ന നിലപാടിലാണ് നാട്ടുകാർ.

**കേരളീയം വാർത്താശൃംഖല**

**വയനാട്ടിലെ** കണിയാമ്പറ്റ പനമരം വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന ചീക്കല്ലൂരിലെ ഗ്രാമീണർ കഴിഞ്ഞ കുറേനാളുകളായി ആശങ്കയുടെ മുൾമുനയിലാണ് ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നത്. കേരളനിയമസഭ പാസാക്കിയ, എല്ലാ ജില്ലയിലും ഓരോ വിമാനത്താവളം എന്ന പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ വിമാനമിറങ്ങാൻ കണ്ടുവച്ചിരിക്കുന്ന സ്ഥലം ഇവർ പൊന്നുവിളയിച്ചിരുന്ന നെൽപ്പാടങ്ങളാണ്. സർക്കാറിന്റേത് വെറും പ്രഖ്യാപനമായിരുന്നില്ല. ഒരു കോടിയോളം രൂപ സാധ്യതാ പഠനത്തിന് മാറ്റിവയ്ക്കുകയും ചെയ്തതു. വിമാനത്താവളത്തിന് സാധ്യതയില്ലെന്ന് നാട്ടുകാർക്ക് ബോധ്യമുണ്ടെങ്കിൽ, ആരുടെ താത്പര്യങ്ങൾ സംരക്ഷിക്കാനാണ് അവരുടെമേൽ സർക്കാർ സാധ്യതാപഠനം നടത്താൻ പോകുന്നത്? 2011 ഡിസംബറിന് ശേഷം വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ടുള്ള നീക്കങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും സജീവമായി. 2011 ഡിസംബറിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ അധികൃതർ ചീക്കല്ലൂരിൽ നേരിട്ടെത്തി സ്ഥലപരിശോധന നടത്തി. സാമ്പത്തിക സാങ്കേതിക- സാധ്യതാപഠനത്തിനും, പരിസ്ഥിതി ആഘാത പഠനത്തിനുമായി 2013 ഫെബ്രുവരിയിൽ കെ.എസ്.ഐ.ഡി.സി (കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ) ആഗോള ടെൻഡർ വിളിച്ചു. ഡൽഹി ആസ്ഥാനമായ നെറ്റ് ഫ്രാങ്ക് ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിയാണ് പഠനം ഏറ്റെടുത്തിരിക്കുന്നത്. പഠനത്തിനായി ഫെബ്രുവരി 28, ഏപ്രിൽ 16 തീയതികളിൽ അധികൃതർ ചീക്കല്ലൂരിൽ എത്തിയെങ്കിലും കർഷകരുടെ കൂട്ടായ പ്രതിഷേധം കാരണം അവർക്ക് തിരിച്ചുപോകേണ്ടി വന്നു. ഇതിനിടയിൽ, ചീക്കല്ലൂരിനെക്കുറിച്ച് പരസ്പരവിരുദ്ധവും അങ്ങേയറ്റം അബദ്ധങ്ങൾ നിറഞ്ഞതുമായ ലഘുലേഖകൾ കെ.എസ്.ഐ.ഡി.സി വിതരണം ചെയ്തുതുടങ്ങി. പദ്ധതിയുടെ സർവ്വേ നടത്തിപ്പുമായി ബന്ധപ്പെട്ട് കണിയാമ്പറ്റ, പനമരം വില്ലേജുകളിൽ നിന്ന് സർവ്വേ നമ്പറുകൾ ശേഖരിച്ച് സ്ഥലത്തിന്റെ മൂല്യനിർണ്ണയം ആരംഭിച്ചു. അതോടെ പ്രതിഷേധങ്ങളും വ്യാപകമായി. കേരളത്തിന്റെ വിവിധയിടങ്ങളിൽ നിന്നും പരിസ്ഥിതി-സാമൂഹിക പ്രവർത്തകരുടെ പിന്തുണ ചീക്കല്ലൂരിലെ ഗ്രാമീണരെത്തേടിയെത്തി. പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടതിനെ തുടർന്ന് 2013 സെപ്തംബർ 11ന് തിരുവനന്തപുരത്ത് വച്ച് ടൂറിസം മ

⇨ റവന്യൂ ഉദ്യോഗസ്ഥരെ വാഹനത്തിൽ നിന്നും പുറത്തിറങ്ങാൻ പോലും അനുവദിക്കാതെ നാട്ടുകാർ പറഞ്ഞയച്ചു ⇨




ന്ത്രിയുടെയും ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ നടന്ന ചർച്ച, 2013 ഒക്ടോബർ 11 ന് വയനാട് ജില്ലാ കളക്ട്രേറ്റിൽ വെച്ച് സർവ്വകക്ഷിയോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചു. സർവ്വകക്ഷിയോഗം നടന്ന ദിവസം വയനാട് ജില്ലാ കളക്ടറേറ്റിലേയ്ക്ക് ചീക്കല്ലൂരിലെ കർഷകരും, അമ്മമാരും, കൈക്കുഞ്ഞുങ്ങളും, കർഷകതൊഴിലാളികളും, ആദിവാസികളും, കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പരിസ്ഥിതി പ്രവർത്തകരും പ്രതിഷേധവുമായി ഒഴുകിയെത്തി. പ്രതിഷേധം മുന്നിൽ കണ്ട്, മന്ത്രിയടക്കമുള്ള മുഴുവൻ ജനപ്രതിനിധികളും സർവ്വകക്ഷിയോഗത്തിൽ നിന്നും വിട്ടുനിൽക്കുകയും ചർച്ച പരാജയപ്പെടുകയും ചെയ്തു.

ജനങ്ങളുടെ ഇത്ര ശക്തമായ എതിർപ്പും പാരിസ്ഥിതിക പ്രത്യാഘാതങ്ങളും നിലനിന്നിട്ടും എന്തിന് സർക്കാർ പിടിവാശിയോടെ പദ്ധതിയുമായി മുന്നോട്ട് പോകുന്നത് എന്ന സംശയം ഇന്ന് ചീക്കല്ലൂരും കടന്ന് വ്യാപിച്ചിരിക്കുന്നു. കുന്നുകളും, പുഴകളും, കുളങ്ങളും, കാവുകളും മാത്രുമുണ്ടായിരുന്ന ഈ ചെറിയ ഗ്രാമം വികല വികസനത്തിന്റെ പേരിൽ ഛിന്നഭിന്നമാകുമെന്ന് ഈ ഗ്രാമീണർ ഒരിക്കലും കരുതിയിരുന്നില്ല. വിമാനത്താവളത്തിന്റെ വികസനഭൂപടത്തിൽ എങ്ങനെ ചീക്കല്ലൂർ അടയാളപ്പെടുത്തപ്പെട്ടു എന്നത് അവർക്ക് ഇന്നും വ്യക്തമല്ല. എന്നാൽ അവർക്ക് വ്യക്തതയുള്ള ഒരുകാര്യമുണ്ട്, എന്ത് വിലകൊടുത്തും വിമാനത്താവളം അനുവദിക്കില്ല എന്ന കാര്യം. ചീക്കല്ലൂർ-എരനല്ലൂർ-മേച്ചേരി കൃഷിഭൂമി സംരക്ഷണസമിതി രൂപീകരിച്ച്, കൃഷി കൂടുതൽ സജീവമാക്കിക്കൊണ്ട് വിമാനത്താവളത്തെ കെട്ടുകെട്ടിക്കാനുള്ള ശ്രമം നാട്ടുകാർ തുടങ്ങിക്കഴിഞ്ഞു. വിളംബരജാഥ, സമര പ്രഖ്യാപന സമ്മേളനം, പൊതുജനസമ്പർക്കപരിപാടികൾ, ചിങ്ങം ഒന്നിന് വായമൂടിക്കെട്ടി കളക്ട്രേറ്റിലേയ്ക്ക് മാർച്ച് തുടങ്ങിയ പ്രത്യക്ഷ സമരപരിപാടികളും നടത്തുന്നുണ്ട്. 2013ന് ഫെബ്രുവരി 28ന് പഠനത്തിനായി സ്ഥലത്തെത്തിയ സ്വകാര്യ കമ്പനി പ്രതിനിധിയേയും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരെയും വാഹനത്തിൽ നിന്നും പുറത്തിറങ്ങാൻ പോലും അനുവദിക്കാതെ നാട്ടുകാർ പറഞ്ഞയച്ചു. പിന്നീട് 2013 ഏപ്രിൽ 16 ചൊവ്വാഴ്ച സാധ്യതാ പഠനത്തിനായി ഡെപ്യൂട്ടി കളക്ടർ അടക്കമുള്ള റവന്യൂ അധികൃതരും, നൈറ്റ് ഫ്രാങ്ക് ഇന്ത്യയുടെ ഉദ്യോഗസ്ഥരും ചീക്കല്ലൂർ വയലിൽ ഇറങ്ങുകയും കർഷകരുടെ പ്രതിഷേധത്തിൽ തിരിച്ചുപോവുകയും ചെയ്തു. 2013 മെയ് 23 വ്യാഴാഴ്ച മുതൽ

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ, തികച്ചും കർഷകരെ അപമാനിക്കുന്ന രീതിയിൽ, ലക്ഷകണക്കിന് ലഘുലേഖകൾ വയനാട്ടിലുടനീളം വിതരണം ചെയ്തു.

ജില്ലാ കളക്ട്രേറ്റിൽ നിന്നും സർക്കാർ വകുപ്പുകളിൽ നിന്നും വിവരാവകാശ നിയമപ്രകാരം നാട്ടുകാർക്ക് കിട്ടിയ വിവരങ്ങൾവെച്ച് വിമാനത്താവള നിർമ്മാണത്തിനായി ചീക്കല്ലൂർ-എരനല്ലൂർ-മേച്ചേരി സ്ഥലങ്ങൾ കണ്ടെത്തിയെന്നും ഏറ്റവും പ്രാഥമികമായി 381 ഏക്കറോളം എയർപോർട്ട് അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ടെന്നും, എന്നാൽ കേരള സംസ്ഥാന വ്യവസായ വികസനകോർപ്പറേഷൻ 1000 ഏക്കറോളം ഭൂമിക്കുവേണ്ടിയാണ് ശ്രമിക്കുന്നതെന്നും അറിയുന്നു. ഭാവി വികസനങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ചീക്കല്ലൂർ തിരഞ്ഞെടുത്തത് എന്ന് ഇവരെല്ലാം സമ്മതിക്കുന്നു. പ്രതിഷേധങ്ങൾ കുറയ്ക്കാൻ ഏക്കർ കുറച്ചുകാണിക്കുകയാണോ എന്നും നാട്ടുകാർ സംശയിക്കുന്നുണ്ട്.

**നെൽകൃഷി**

ഈ പ്രദേശത്തെ അഞ്ഞൂറേക്കറോളം വരുന്ന വയൽഭൂമി നെൽകൃഷിക്കായി ഉപയോഗിക്കുന്ന വിശാലമായ പാടശേഖരമാണ്. കൃഷി സംരക്ഷണ പദ്ധതിപ്രകാരം അറുപത് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ചെക്ക് ഡാമും അതിനോടനുബന്ധിച്ച് ലക്ഷങ്ങൾ ചെലവഴിച്ച് ജലസേചനസൗകര്യങ്ങളും ഒരുക്കിത്തിരാമെന്ന് വാഗ്ദാനം നൽകിയിരിക്കുന്ന ഈ സമയത്ത് ചെറുവിമാനത്താവളത്തിന് വേണ്ടി വയൽനികത്തുമ്പോൾ ഞങ്ങളുടെ പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങളും, തോടുകളും, കാർഷികവികസനപദ്ധതികളും നാമാവശേഷമാവുകയും കൃഷിയോഗ്യമല്ലാത്ത സ്ഥലമായിത്തീരുകയും ചെയ്യും. 2008ലെ ഭക്ഷ്യസുരക്ഷാ പദ്ധതിപ്രകാരം (തണ്ണീർതടം) കർഷകന്റെ കൃഷി ചെയ്യാനുള്ള അവകാശം നിഷേധിക്കുന്ന നടപടികൂടിയായി അതുമാറും.

**നാണ്യവിളകൾ**

നമ്മുടെ രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന പ്രധാനവിളകളായ കാപ്പി, കുരുമുളക്, ഇടവിളയായി കൃഷി ചെയ്യുന്ന ഇഞ്ചി, ഏലം, മഞ്ഞൾ തുടങ്ങിയവയും ഹ്രസ്വകാല വിളകളായ പച്ചക്കറി, വാഴ, ഔഷധച്ചെടികൾ, പുഷ്പവിള തുടങ്ങിയ കൃഷികൾക്കും നാശം സംഭവിക്കും.

**കർഷക കുടുംബങ്ങൾ**

ഈ പ്രദേശത്തെ ഭൂരിഭാഗം ഭൂവുടമകളും ഇവിടെത്തന്നെ ജനിച്ച് വളർന്ന് പരമ്പരാഗതമായി കിട്ടിയ കൃഷിഭൂമിയിൽ കൃഷിചെയ്ത്



ജീവിക്കുന്നവരാണ്. അതുകൊണ്ട് തന്നെ ഇവർക്ക് മറ്റ് സ്ഥലങ്ങളിൽ ഭൂമിയോ താമസ സ്ഥലങ്ങളോ മറ്റ് ആശ്രിത സൗകര്യങ്ങളോ ഇല്ല.

സാമൂഹികമായി പിന്നോക്കം നിൽക്കുന്ന പണിയ-കുറുമ സമുദായക്കാർ കൂട്ടുകുടും ബവ്യവസ്ഥിതിയിൽ ജീവക്കുന്നവരാണ്. വിമാനത്താവളം വന്ന്, മാറ്റിത്താമസിക്കപ്പെടുന്നതോടെ ഇവർ പരമ്പരാഗതമായി തുടരുന്ന കന്നുകാലിവളർത്തൽ, വിവിധ ആചാരാനുഷ്ഠാനങ്ങൾ എന്നിവ ഇല്ലാതാകും. ഇവരിൽ പുളിക്കൽ പ്രദേശത്തെ കുറുമ സമുദായത്തിൽപ്പെടുന്നവർ കാരാപ്പുഴ പദ്ധതിപ്രദേശത്തുനിന്ന് ഒരിക്കൽ കുടിയൊഴിപ്പിക്കപ്പെട്ടവരാണ്. കന്നഡഭാഷ മാതൃഭാഷയായുള്ളതും, ഭാഷാന്യൂനപക്ഷവിഭാഗവുമായ വൈഷ്ണവ സമുദായത്തിലെ അറുപതോളം കുടുംബങ്ങൾ ഇവിടെ വസിക്കുകയും, അവരുടെ കേരളത്തിലെ തന്നെ ഏക വൈഷ്ണവ ക്ഷേത്രമുള്ളതും ഈ പ്രദേശത്താണ്. പദ്ധതി വരുന്നതോടെ ഇവരുടെ സംസ്കാരം മുഴുവനായും വേരോടെ പിഴുതെറിയപ്പെടുന്നു എന്നതും ദുഃഖകരമായ വസ്തുതയാണ്.

**ജലസ്രോതസ്സുകൾ**

വിമാനത്താവളത്തിനായി മരങ്ങളും ചെടികളും ഇടതൂർന്ന് വളരുന്ന കരഭൂമി ഇടിച്ച് നിരത്തപ്പെടും. നെൽവയലുകൾ നികത്തപ്പെടും. പരമ്പരാഗതമായ കുളങ്ങൾ, തോടുകൾ, കിണറുകൾ എന്നിവ ഇല്ലാതാവും. അതോടെ കൃഷിക്കും, ജീവജാലങ്ങൾക്കും അത്യാവശ്യമായ ജലസ്രോതസ്സുകൾ നികന്നുപോകും. സമീപപ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത ഇല്ലാതാവുകയും ചെയ്യും.

**പരിസ്ഥിതി പ്രശ്നങ്ങൾ**

ഒരു സെന്റ് ഭൂമിയും തരിശാക്കിയിടാത്ത, വിവിധ വിളകളാൽ സമ്പുഷ്ടമായ പ്രദേശമാണിത്. വയലുകളുകളെല്ലാം തന്നെ മഴക്കാലതത്ത് നെൽകൃഷിയും, അല്ലാത്തപ്പോൾ പച്ചക്കറിപോലുള്ള കൃഷികളും നടക്കുന്ന സ്ഥലങ്ങളാണ്. 2013 ജൂലായ് മാസത്തിൽ പെയ്ത മഴയിൽ ചീക്കല്ലൂർ വയലിൽ പലതവണ 3 മീറ്ററോളം ഉയരത്തിൽ വെള്ളപ്പൊക്കമുണ്ടാവുകയും, ഇത് ജനജീവിതത്തെ സാരമായി ബാധിക്കുകയും ചെയ്തിരുന്നു. വിമാനത്താവളത്തിനായി ചീക്കല്ലൂരിലെ വയലുകളിൽ ഉയരത്തിൽ മണ്ണിടുകയാണെങ്കിൽ ചീക്കല്ലൂർ ചെറുപുഴയിലെ വെള്ളം പനമരം ടൗണിനെ വെള്ളത്തിലാഴ്ത്തുമെന്നത് യാഥാർത്ഥ്യമാണ്. അധികാരികൾ പക്ഷിസങ്കേതമായ് പ്രഖ്യാപിച്ച ഈ പ്രദേശം നൂറുകണക്കിന് ദേശാടനപക്ഷികളുടെ ആവാസകേന്ദ്രം (കൊറ്റില്ലം) കൂടിയാണ്. ചീക്കല്ലൂരിലെ വയലിൽ ഇരതേടുന്ന ഇവ പനമരത്തിനടുത്തെ പുഴയുടെ അരികിലായി അധിവസിക്കുന്നു. വിവിധ ഇനം ഔഷധ സസ്യങ്ങൾ ശേഖരിച്ച് ആയുർവ്വേദ ഔഷധശാലകളിൽ എത്തിച്ച് ജീവിതം നയിക്കുന്നവരും ചെറുപുഴയിൽ നിന്നും മത്സ്യബന്ധനം നടത്തി ജീവിക്കുന്നവരും ഇവിടെയുണ്ട്. അവരുടെ പ്രകൃതിസൗഹൃദ ജീവിതത്തെയാകെ വിമാനത്താവളം താളം തെറ്റിക്കും.

ചീക്കല്ലൂർ പ്രദേശത്തുനിന്നും സമീപ വനപ്രദേശമായ ചെതലയം റേഞ്ചിലേക്ക് മൂന്ന് കിലോമീറ്റർ ദൂരം മാത്രമാണുള്ളത് എന്നതും പ്രധാന വസ്തുതയാണ്. മനുഷ്യരും വന്യമൃഗങ്ങളും തമ്മിൽ വർഷങ്ങളായി സംഘർഷം നിലനിൽക്കുന്ന പ്രദേശമാണ് വയനാട്. പദ്ധതി പ്രാവർത്തികമാകുന്ന പക്ഷം വിമാനത്താവളവുമായി ബന്ധപ്പെട്ട ശബ്ദമലിനീകരണം കാരണം വന്യമൃഗങ്ങൾ കൂടുതൽ അക്രമാസക്തരാവുകയും, മറ്റ് ജനവാസകേന്ദ്രങ്ങളിലേയ്ക്ക് വന്യമൃഗങ്ങൾ ഇറങ്ങുന്നതിന് കാരണമാകുകയും ചെയ്യും.

കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിയമിച്ച മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പശ്ചിമഘട്ടപ്രദേശങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് വയനാട്ടിലെ വൈത്തിരി, മാനന്തവാടി, ബത്തേരി താലൂക്കുകൾ അതീവ ദുർബല പ്രദേശമായ സോൺ ഒന്നിൽ ഉൾപ്പെടുന്നതാണ്. ഇതിലെ വൈത്തിരി താലൂക്കിലാണ് നിർദ്ദിഷ്ട വിമാനത്താവള പദ്ധതിക്ക് സ്ഥലം കണ്ടെത്തിയിരിക്കുന്നത് എന്ന വസ്തുതയും ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്കെതിരെയുണ്ടായ പ്രതിഷേധങ്ങളോട് ചേർത്തുവായിക്കേണ്ടതാണ്.

**സമീപത്തെ വിമാനത്താവളങ്ങൾ**

ചീക്കല്ലൂരിൽ നിന്നും വെറും 130 കിലോമീറ്റർ പരിധിയിൽ കോഴിക്കോട് കരിപ്പൂരും, മൈസൂരും, കണ്ണൂരും (പൂർത്തിയായിട്ടില്ല) വിമാനത്താവളങ്ങളുള്ളപ്പോൾ വൻതുക ഖജനാവിന് നഷ്ടംവരുത്തി, വയനാടിന്റെ ഭൂപ്രകൃതിയെത്തന്നെ തകിടം മറിച്ച് എന്തിന് വീണ്ടുമൊരു വിമാനത്താവളമെന്ന ചോദ്യം അവഗണിക്കാനാകില്ല.

വിഷമാവസ്ഥ ജനങ്ങളിലേക്കെത്തിക്കുവാനായി ഫേസ്ബുക്കിൽ ഗ്രീൻചീക്കല്ലൂർ എന്ന ഒരു ഗ്രൂപ്പും, പേജും തുടങ്ങുകയും സമിതിയുടെ എല്ലാ പ്രവർത്തനങ്ങളും, ഗ്രാമത്തിന്റെ ചിത്രങ്ങളും പോസ്റ്റ് ചെയ്ത് നാട്ടുകാർ പ്രതിഷേധം വ്യാപിപ്പിക്കുകയാണ്. ■